ശ്രീ. പി. പി. ഉമ്മർകോയ : ചിലപ്പോൾ എസ്റ്റിമേറിലുള്ള തുക കൊണ്ട് പണി പൂർത്തിയാക്കാൻ സാധിച്ചില്ലെന്നുവരും. അപ്പോൾ എസ്റ്റിമേറു റിവൈസ് ചെയ്യേണ്ടിവരും. അങ്ങനെയാണ് ചിലപ്പോൾ കാലതാമസമുണ്ടാകുന്നത്.

ശ്രീ. ഓ. കോരൻ : തളിപ്പറമ്പിലെ ടി. ബി.യിൽ ശുദ്ധജലം ലഭിക്കുന്നതിന് യാതൊരു സൗകര്യവുമില്ല. അതുകൊണ്ട് അവിടെ പൈപ്പു കണക്ഷൻ ഏർപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അതു പരിശോധിക്കാം.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : വിശേഷാത്തരമായ ആറന്മുള ജലോത്സവം കാണുന്നതിന് ധാരാളം ടൂറിസ്റ്റുകൾ വരുന്നതായ ആറന്മുളയിൽ ഒരു ടൂറിസ്റ്റു ബംഗ്ലാവ് പണിയുന്നതിന് ഗവണ്മെൻറിനു പരിപാടിയുണ്ടായിരുന്നു. അതിപ്പോൾ എവിടംവരെയായി ?

ശ്രീ. പി. പി. ഉമ്മർകോയ : വിശേഷാത്തരമായ ജലോത്സവം നടത്തുന്ന സ്ഥലമാണ് ആറന്മുള എന്നുള്ള കാര്യം ഓർക്കുന്നുണ്ട്. നമ്മുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല പദ്ധതികളുടേയും പ്രവർത്തനത്തിന് തുകയില്ലാത്തതുകൊണ്ട് പല പണികളും തുടങ്ങാൻ സാധിച്ചിട്ടില്ല. മൂന്നാം പദ്ധതിക്കാലത്തു തുടങ്ങാൻ സാധിച്ചില്ലെങ്കിലും നാലാം പദ്ധതിയിലെങ്കിലും ആറന്മുളയിൽ എന്തെങ്കിലും സൗകര്യമുണ്ടാക്കുന്നകാര്യം ഗവണ്മെൻറ് പരിഗണിക്കുന്നതാണ്.

ചേർത്തല -ആലപ്പുഴ തോട്.

* 688. [13] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു വെട്ടുവാൻ ആരംഭിച്ചിട്ട് അഞ്ചുകൊല്ലത്തിനു മേൽ കാലം കഴിഞ്ഞ എത്ര തോടുകൾ (Canals) വെട്ടി പൂർത്തിയാക്കാതെ കിടപ്പുണ്ട് ;

(ബി) ചേർത്തല-ആലപ്പുഴ തോട് (Canal) എന്നാണ് വെട്ടുവാൻ തുടങ്ങിയതു ; ആ തോട് പൂർത്തിയാക്കുവാൻ എത്ര മൈൽ കൂടി വെട്ടണം ;

(സി) ചേർത്തല-ആലപ്പുഴ തോട് വെട്ട് നിറുത്തിവച്ചിട്ട് ഇപ്പോൾ എത്ര കാലമായി ;

(ഡി) അതു നിറുത്തിവയ്ക്കുവാൻ കാരണമെന്താണ് ;

(ഈ) ആ തോടുവെട്ടുന്നതിനു ഗവണ്മെൻറിനു ഇതുവരെ എത്ര ചെലവായിട്ടുണ്ട് ;

(എഫ്) ആ തോട് നേരെയാക്കുന്നതിനു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) എട്ട് തോടുകൾ.

(ബി) വെട്ടുവാൻ തുടങ്ങിയതു 1951–52–ലാണ്. ഇനി ഉദ്ദേശം 200 അടി ദൂരം വെട്ടുവാൻ ഉണ്ട്.

(സി) 1958–ൽ ആണ് നിറുത്തിവച്ചതു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലപ്പുഴ–ചേർത്തല–എറണാകുളം റോഡ് ഉള്ളതിനാലും കായലിൽകൂടിയുള്ള ഗതാഗതത്തിനു് സൗകര്യമുള്ളതുകൊണ്ടും എ. എസ്. കനാൽ ഒരു അത്യാവശ്യമല്ലെന്നു ബോദ്ധ്യമായതുകൊണ്ടും ഇൻഡ്യാ ഗവണ്മെൻറ് ഉപദേശിച്ചതനുസരിച്ചാണു് തോട്ടപ്പള്ളി നിറുത്തിയതു്.

(ഇ) 19,72,714·62 രൂപ.

(എഫ്) തോടിൻെറ പണി തുടർന്നു നടത്തുന്നതിനും നടത്താതിരിക്കുന്നതിനും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സ്. കാർത്തികേയൻ: മെയിൻറോഡിൽ ഒരു പാലം പണി മാത്രം നടത്തിയാൽമതി ആ തോടിനു്. അതു ഇന്നു പണി പൂർത്തിയാകാത്ത നിലയ്ലാണു് കിടക്കുന്നതു്. അതു പൂർത്തിയാക്കാത്തതുകൊണ്ടു് അവിടെയുള്ള തെങ്ങും അതുപോലെയുള്ള മറ്റു വൃക്ഷങ്ങളും നശിച്ചുപോകുന്നതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അവിടെ അങ്ങനെയൊരു പാലം പണിയേണ്ടതായിട്ടുണ്ടു്. അവിടെ ഇനി 200 അടി ദൂരമാണു് തോട് വെട്ടാനുള്ളതു്. ആ തോടു് വെട്ടിയതിൻെറ ഫലമായി വാട്ടർലേബിൾ താഴ്ന്നുപോകുന്നുഎന്നും അവിടെ ഇരുകരകളിലുമുള്ള കൃഷിയെ അതു പ്രതികൂലമായി ബാധിക്കുന്നു എന്നുമുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടു്. ഈ പണി തുടർന്നു നടത്തണമോ വേണ്ടയോ എന്നു വിദഗ്ദ്ധമായി പരിശോധിച്ചതിനുശേഷം മാത്രമേ അവസാനതീരുമാനമെടുക്കാൻ സാധിക്കയുള്ളൂ.

ശ്രീ. പി. എസ്സ്. കാർത്തികേയൻ : വ്യക്തമായ ഒരു വിദഗ്ദ്ധപരിശോധന കൂടാതെ തോട്ടപ്പള്ളി തുടങ്ങിയെന്നാണോ അനുമാനിക്കേണ്ടതു് ?

ശ്രീ. പി. പി. ഉമ്മർകോയ : ആദ്യം തുടങ്ങിയതു് വിദഗ്ദ്ധപരിശോധന നടത്തിയൊന്നുമല്ല. നിലീഫ് വർക്ക് എന്നുള്ള നിലയിലാണു് ഇതിൻെറ പണി ആദ്യം തുടങ്ങിയതു്. പിന്നീടു് പൂർത്തിയാക്കാൻ നടപടികളെടുത്തു. ആ കാലത്തു് ആലപ്പുഴ–ചേർത്തല–എറണാകുളം റോഡ് ഉണ്ടായിരുന്നില്ല. ആ കാലത്താണു് ഇതിൻെറ പണി തുടങ്ങിയതു്. പിന്നീടു് എറണാകുളത്തേക്കുള്ള റോഡ് പൂർത്തിയായ്. അപ്പോഴും ഗതാഗതത്തിനുള്ള ബുദ്ധിമുട്ടൊക്കെ തീർന്നു. അതുകൊണ്ടു് കേന്ദ്രഗവണ്മെൻറ് ഉപദേശിച്ചതനുസരിച്ചാണു് ഇതിൻെറ പണി നിർത്തിവെച്ചതും മൂന്നാം പദ്ധതിയിൽ ഇതു് ഉൾപ്പെടുത്താതിരുന്നതും.

ശ്രീ. ആർ. സുഗതൻ : ആലപ്പുഴ–ചേർത്തല തോടിനു് കുഞ്ഞിക്കുഴിയിൽ നിന്നു വടക്കു് രണ്ടു ഫർലാംഗ് അകലെ ഒരു പാലം കെട്ടിയാൽ ഈ പണി പൂർത്തിയാക്കാൻ സാധിക്കും. അതുകൊണ്ടു് ആ പാലം പണിയാൻ ഏർപ്പാടു ചെയ്യുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ഒരു പാലം പണിയേണ്ടതായിട്ടുണ്ടു്. അതിനെ സംബന്ധിച്ചു ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതുണ്ടു്. പാലം പണിയുന്നകാര്യത്തെ സംബന്ധിച്ചു് തീരുമാനമൊന്നുമെടുത്തിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ തോട്ടിൻെറ പണിക്കു് 19 ലക്ഷം രൂപ ചെലവാക്കിയതിനുശേഷം ഏതാനും ചില ആളുകളുടെ നിവേദനത്തെ ആശ്രയിച്ചുമാത്രമാണു ഈ പണി നിറുത്തിവച്ചിട്ടുള്ളതെന്നാണു് ഞങ്ങൾക്കു് ഡി. ഡി. സി.യിൽ നിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അൽപ്പം കൂടി പണംകൂടി ചെലവാക്കിയാൽ ഇതിൻെറ പണി പൂർത്തിയാക്കാൻ സാധിക്കും. അതുകൊണ്ടു യാതൊരു ദോഷവും വരാൽപോകുന്നില്ല. ഈ വസ്തുത പരിഗണിച്ചു് അടിയന്തിരമായി ഇതിൻെറ പണി തുടർന്നു നടത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : ഏതാനും ചിലരുടെ നിവേദനത്തിന്റെ ഫലമായി പണി നിറുത്തിവച്ചിട്ടില്ല. കേന്ദ്രഗവണ്മെന്റിന്റെ ഉപദേശമനുസരിച്ചാണ് നിറുത്തിവച്ചിട്ടുള്ളത്. ഇതിന്റെ പണി തുടർന്നു നടത്തണമെന്നും നടത്താതിരിക്കണമെന്നും കാണിച്ച് രണ്ടുവിധത്തിലും നിവേദനം ലഭിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : ഈ തോട് ഇനി നികത്തിക്കളയുവാനാണോ അതോ പൂത്തിയാക്കുവാനാണോ ചെലവ് കൂടുതൽ എന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : നികത്താൻ ഗവണ്മെന്റിനു് ഉദ്ദേശമില്ല. തുടർന്നു പണി നടത്തണമോ വേണ്ടയോ എന്നുള്ളകാര്യം പരിശോധിക്കേണ്ടതാണ്.

നേഴ്സ്, മിഡ്വൈഫ് എന്നിവരുടെ കുറവുകൾ പരിഹരിക്കാനുള്ള നടപടികൾ.

* 689. [14] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് ഇപ്പോഴുള്ള നേഴ്സുമാർ, മിഡ്വൈഫുകൾ എന്നിവരുടെ കുറവു പരിഹരിക്കാൻ നല്ല രീതിയിൽ നടത്തുന്ന പ്രൈവറ്റു് ആശുപത്രികളോടനുബന്ധിച്ചു ഗവണ്മെന്റു് സിലബസ് അനുസരിച്ചു് ക്ലാസ് നടത്തി നേഴ്സുമാരെയും മിഡ്വൈഫുമാരെയും പരിശീലിപ്പിക്കുന്നതിനു അനുവാദം കൊടുക്കാൻ ഗവണ്മെന്റു വേണ്ടതു ചെയ്യുമോ ;

(ബി) ഇപ്പോൾ നേഴ്സിംഗ് ആൻറു് മിഡ്വൈഫറി പഠിപ്പിക്കുന്നവല്ല പ്രൈവറ്റാശുപത്രികളും സംസ്ഥാനത്തുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) അങ്ങനെയുള്ള സ്ഥാപനങ്ങൾക്കു് ഗവണ്മെന്റു് അനുവാദം കൊടുത്തിട്ടുണ്ടു്.

(ബി) ഉണ്ടു്.

ശ്രീ. എം. എം. മത്തായി : ഏതെങ്കിലും സ്ഥാപനങ്ങൾക്കു് അപേക്ഷിച്ചിട്ടു് അനുവാദം കിട്ടാതെയുണ്ടോ ? ഏതു രീതിയിൽ നടത്തുന്ന സ്ഥാപനങ്ങൾക്കാണു് അനുവാദം കൊടുക്കുന്നതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചട്ടപ്രകാരമായി നടത്തിക്കൊണ്ടിരിക്കുന്ന ആശുപത്രികളോടനുബന്ധിച്ചു് ഇതിന്റെ അദ്ധ്യയനത്തിനാവശ്യമായ സൗകര്യങ്ങളും, Bed Strength—ും ഉണ്ടെങ്കിൽ അനുവാദം കൊടുക്കുന്നതാണു്. ഇപ്പോൾ ഏതെങ്കിലും അപേക്ഷ പെൻഡിംഗ് ഉണ്ടോ എന്നുള്ള കാര്യം പ്രത്യേകമായി ചോദിച്ചാലെ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. എം. എ. ആൻറണി : പ്രൈവറ്റു് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന നേഴ്സുമാർക്കും മിഡ്വൈഫുകൾക്കും ഏജ്ബാർ എക്സംപ്ഷൻ കൊടുത്തു് അവരെ ഗവണ്മെന്റു് സർവ്വീസിൽ എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെന്റു് സർവ്വീസിൽ ഇന്നു വളരെയേറെ ഒഴിവുകളുണ്ടു്. പക്ഷേ ഇതു പി. എസ്. സി. യുമായി ആലോചിച്ചു് ചെയ്യേണ്ട ഒരു കാര്യമാണു്. അപേക്ഷ വരികയാണെങ്കിൽ പ്രത്യേകമായി പരിഗണിക്കാം.

LIBRARY ARCHIVES Kerala Legislative Assembly